(ബി) സർക്കാരിതരനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുമ്പോൾതന്നെ സഹകരണ മേഖലയിൽ ഉയർന്നുവന്ന പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളെ ഏറ്റെടുക്കാൻ തീരുമാനിച്ചതുവഴി, നിക്ഷേപകർക്ക് നൽകുന്ന സന്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാർ ഇതര മേഖലകളിൽ വളർന്നുവരുന്ന ഏതെല്ലാം സ്ഥാപനങ്ങളെ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നു ; നെടുമ്പാശ്ശേരി വിമാനത്താവള കമ്പനിയെ സർക്കാരിന്റെ പൂർണ അധീനതയിലാക്കാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഫണ്ടിനുപുറമെ മറ്റു സ്രോതസ്സുകളിലെ ഫണ്ടും വികസനപ്രവർത്തനങ്ങൾക്ക് മൂലധനം കണ്ടുപിടിക്കാൻ സഹായിക്കുന്നതാണ്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ വിവിധതലങ്ങളിൽ നിക്ഷേപ സൗഹൃദ സംഗമങ്ങൾ നടത്തിവരുന്നു.

(ബി) ആരോഗ്യമേഖലയ്ക്ക് സർക്കാർ മുന്തിയ പരിഗണനനൽകുന്നു.

(സി) തീരുമാനമായിട്ടില്ല. നെടുമ്പാശ്ശേരി വിമാനത്താവളത്തിനെ സർക്കാരിന്റെ പൂർണ്ണ അധീനതയിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

പദ്ധതി അടങ്കൽ തുക

42 (T 1410) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 മുതൽ ഓരോ വർഷവും അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്ര ; ഇവയ്ക്ക് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചുവോ ;

(ബി) ഓരോ വർഷവും ഓരോ വകുപ്പും ചെലവാക്കിയ തുക എത്ര ; പൂർണ്ണമായും പ്രസ്തുത തുക ചിലവാക്കിയോ ; ഇല്ലെങ്കിൽ ചെലവാക്കാനാകാത്ത തുക എത്ര ; ലാപ്സായ തുക എത്ര ; വകുപ്പുകൾ വകമാറ്റി ചെലവാക്കിയ തുക എത്ര ;

(സി) നടപ്പു വർഷം തീരുമാനിച്ച പദ്ധതി അടങ്കൽ തുക എത്ര ; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; ആയത് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചത് എന്നാണെന്നും അനുമതി ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2015-16 വർഷത്തെ പദ്ധതിയടങ്കലിൽ മാലിന്യ സംസ്കരണം, ഭ്രൂഹിതരില്ലാത്ത കേരളം, ജലനിധി, ശുചിത്വ കേരളം, പകർച്ചവ്യാധി തടയൽ, മഴക്കാല പരിസര ശുചീകരണം എന്നിവയ്ക്കായി നിശ്ചയിച്ച പദ്ധതി വിഹിതം എത്ര ; നാളിതുവരെ എത്ര തുക ചെലവാക്കി ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) നടപ്പുവർഷം കൂടുതൽ കേന്ദ്ര സഹായം ലഭിക്കാനായി എന്തു നടപടികൾ സ്വീകരിച്ചു ; കത്തിടപാടുകളുടെ പകർപ്പുകളും കേന്ദ്ര സർക്കാരിന്റെ മറുപടികളുടെ പകർപ്പുകളും ലഭ്യമാക്കുമോ ?

ഉത്തരം

(എ)

വർഷം		അടങ്കൽ തുക
2011-12	-	12010 കോടി
2012-13	-	14010 ,,
2013-14	-	17000 ,,
2014-15	-	20000 ,,
2015-16	-	20000 ,,

2013-14 മുതലുള്ള അടങ്കലിന് ആസൂത്രണ കമ്മീഷൻ, പദ്ധതി ചർച്ച നടത്തി അംഗീകാരം നൽകിയിട്ടില്ല.

(ബി) ഓരോ വർഷവും ഓരോ വകുപ്പും ചെലവാക്കിയ തുകയുടെ വിശദാംശം അനുബന്ധം 1 മുതൽ 5 വരെയായി ചേർത്തിരിക്കുന്നു.* ചെലവാക്കാനാവാത്ത തുക, ലാപ്സായ തുക, വകമാറ്റിയ തുക ഇവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) നടപ്പുവർഷം തീരുമാനിച്ച പദ്ധതി അടങ്കൽ 27686.32 കോടി രൂപയാണ്. നീതി ആയോഗിൽ നിന്നും മാർഗ്ഗനിർദ്ദേശം ലഭിക്കാത്ത സാഹചര്യത്തിൽ അനുമതിക്കായി സമർപ്പിച്ചിട്ടില്ല.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly